| 11–11–2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ, തനിക്കുമേൽ പൂർണ്ണശ്രദ്ധ വെയ്ക്കൂ, ഒരു നിയമവിരുദ്ധമായ പെരുമാറ്റവും ഉണ്ടാകരുത്, ശ്രീമതം ലംഘിച്ചാൽ അധഃപതിച്ചുപോകും.**

**ചോദ്യം:–** കോടാനു കോടിപതികളാകുന്നതിന് ഏതു കാര്യത്തിൽ ശ്രദ്ധിക്കണം ?
**ഉത്തരം:–** എപ്പോഴും ശ്രദ്ധ വേണം – നമ്മൾ എന്തു കർമ്മം ചെയ്യുന്നുവോ അതു കണ്ട് മറ്റുള്ളവർ ചെയ്യും. ഒരു കാര്യത്തിലും മിഥ്യയായ അഹങ്കാരം ഉണ്ടാവരുത്. മുരളി ഒരിക്കലും മുടക്കരുത്. മനസ്സാ – വാചാ– കർമ്മണാ സ്വയത്തെ സംരക്ഷിക്കണം, കണ്ണുകൾ ചതിക്കാതിരുന്നാൽ കോടികൾ ശേഖരിക്കുവാൻ സാധിക്കും. ഇതിനുവേണ്ടി അന്തർമുഖിയായി ബാബയെ ഓർമ്മിക്കൂ, വികർമ്മങ്ങളിൽ നിന്നും സുരക്ഷിതരായിരിക്കൂ.

**ഓം ശാന്തി**. ആത്മീയ കുട്ടികൾക്ക് ബാബ മനസിലാക്കിത്തന്നിട്ടുണ്ട്, ഇത് അച്ഛനും, ടീച്ചറും സദ്ഗുരുവുമാണ്. ഇക്കാര്യം ഇവിടെയിരിക്കുമ്പോൾ നിങ്ങൾ കുട്ടികൾ തീർച്ചയായും ഓർമ്മിക്കണം. ഇതും നിങ്ങൾ മനസിലാക്കുന്നുണ്ട്– ബാബയെ ഓർമ്മിച്ച് പവിത്രമായി പവിത്രധാമത്തിലേക്കു പോകാം. ബാബ മനസിലാക്കിത്തന്നു, പവിത്രധാമത്തിൽ നിന്നുതന്നെയാണ് നിങ്ങൾ താഴേക്കുവന്നത്. പേര് പവിത്രധാമം എന്നുതന്നെയാണ്. സതോപ്രധാനത്തിൽ നിന്നും സതോ, രജോ, തമോ..... ഇപ്പോൾ നിങ്ങൾക്കറിയാം, നമ്മൾ അധഃപതിച്ചു അർത്ഥം വികാരീലോകത്തിലെത്തി. നിങ്ങൾ സംഗമയുഗത്തിലാണ്, ജ്ഞാനം കേട്ടപ്പോൾ , നമ്മൾ തീരം വിട്ടു കഴിഞ്ഞുവെന്ന് നിങ്ങൾക്ക് മനസ്സിലായി..നമ്മൾ ശിവബാബയെ ഓർമ്മിക്കുന്നുവെങ്കിൽ ശിവാലയം ദൂരെയല്ല., ശിവബാബയെ ഓർമ്മിക്കുന്നില്ലെങ്കിൽ ശിവാലയം വളരെ ദൂരെയാണ്. ശിക്ഷകൾ കൂടി അനുഭവിക്കേണ്ടി വന്നാൽ പിന്നെ ശിവാലയം വളരെ ദൂരെയാകും. ബാബ കുട്ടികൾക്ക് കൂടുതലായി ഒരു ബുദ്ധിമുട്ടും തരുന്നില്ല. ഒരു കാര്യം വീണ്ടും വീണ്ടും പറയുന്നു –മനസാ വാചാ കർമ്മണാ തീർച്ചയായും പവിത്രമാകണം. ഈ കണ്ണുകളും വളരെയധികം ചതിക്കും. അതുകൊണ്ട് കണ്ണുകളെ വളരെയധികം സൂക്ഷിക്കണം. ബാബ പറയുന്നു, ധ്യാനവും (സാക്ഷാത്കാരം), യോഗവും തമ്മിൽ വളരെയധികം വ്യത്യാസമുണ്ട്. യോഗം അർത്ഥം ഓർമ്മ. കണ്ണുകൾ തുറന്നിരിക്കുമ്പോഴും നിങ്ങൾക്ക് ബാബയെ ഓർമ്മിക്കുവാൻ സാധിക്കും. ധ്യാനത്തിനെ യോഗം എന്ന് പറയില്ല. ഭോഗ് കൊണ്ടുപോകുമ്പോഴും നിർദ്ദേശമനുസരിച്ച് മാത്രം പോകണം. ഇക്കാര്യത്തിലും മായ വളരെയധികം വരും. മായ മൂക്കിനിടിക്കും. ബാബയെപോലെ തന്നെ മായയും വളരെ ബലവാനാണ്. ഇത്രയും ബലവാനാണ്– മുഴുവൻ ലോകത്തിനേയും വേശ്യാലയത്തിലേക്ക് തള്ളിയിട്ടു. അതുകൊണ്ട് ഇക്കാര്യത്തിൽ(സാക്ഷാത്കാരം) വളരെയധികം സൂക്ഷിക്കണം. ബാബയെ ഓർമിക്കുന്നതും നിയമമനുസരിച്ചായിരിക്കണം. നിയമവിരുദ്ധമായ കർമം ചെയ്താൽ പാടെ വീഴ്ത്തിക്കളയും. സാക്ഷാത്കാരത്തിനു വേണ്ടി ആഗ്രഹിക്കരുത്. ഇച്ഛാമാത്രം അവിദ്യ ....ബാബയുടെ ആജ്ഞയനുസരിച്ച് നടക്കുകയാണെങ്കിൽ ആവശ്യപ്പെടാതെ തന്നെ ബാബ നിങ്ങളുടെ സർവ്വ ആഗ്രഹങ്ങളും പൂർത്തികരിച്ചു തരും. ബാബയെ അനുസരിക്കാതെ തെറ്റായ വഴി തിരഞ്ഞെടുത്താൽ സ്വർഗത്തിലെത്തുന്നതിനു പകരം നരകത്തിൽ തന്നെ വീഴും. ആനയെ മുതല പിടിച്ചു എന്ന് പറയുന്നുണ്ട്. വളരെപ്പേർക്ക് ജ്ഞാനം നൽകിയിരുന്നവർ, ബാബക്ക് ഭോഗ് അർപ്പിച്ചിരുന്നവർ ഇന്നെവിടെപ്പോയി, നിയമവിരുദ്ധമായ പെരുമാറ്റം കാരണം പൂർണ്ണമായും മായാവിയായി. ദേവതയാകാൻ വന്ന് ചെകുത്താനായി. ദേവതയാകേണ്ടിയിരുന്ന നല്ല പുരുഷാർത്ഥി കുട്ടികൾ അസുരന്മാരായി, അസുരന്മാരുടെ കൂടെ ജീവിക്കുന്നുവെന്നും ബാബക്കറിയാം. വഞ്ചകരാകുന്നു. ബാബയുടേതായതിനുശേഷം പിന്നെ മായയുടേതാകുന്നവരെയാണ് വഞ്ചകർ എന്ന് പറയുന്നത്. തന്റെ മേൽ ശ്രദ്ധ വേണം. ശ്രീമതം ലംഘിച്ചാൽ വീഴും. അറിയാൻ പോലും പറ്റില്ല. അങ്ങനെ ആരും നരകത്തിലേക്കു പോകാതിരിക്കാൻ വേണ്ടി ബാബ കുട്ടികൾക്ക് മുന്നറിയിപ്പു തരുന്നു.

ഇന്നലെയും ബാബ പറഞ്ഞിരുന്നു, ധാരാളം ഗോപന്മാർ കമ്മിറ്റികളൊക്കെയുണ്ടാക്കുന്നുണ്ട്. എന്തുതന്നെ ചെയ്താലും ശ്രീമതത്തിന്റെ ആധാരമില്ലാതെയാണ് ചെയ്യുന്നതെങ്കിൽ ഡിസ്സർവീസ് ചെയ്യുകയാണ്. ശ്രീമതമില്ലാതെ ചെയ്താൽ വീണുകൊണ്ടേയിരിക്കും. ബാബ ആരംഭത്തിൽ കമ്മിറ്റിയുണ്ടാക്കിയപ്പോൾ അമ്മമാരുടെയാണ് ഉണ്ടാക്കിയത്, കാരണം കലശം മാതാക്കൾക്കാണ് ലഭിക്കുന്നത്. വന്ദേ മാതരം എന്നല്ലേ പാടിയിരിക്കുന്നത്. ഇപ്പോൾ ഗോപന്മാരും കമ്മിറ്റി ഉണ്ടാക്കുന്നു, പക്ഷെ 'വന്ദേ ഗോപം' എന്നു പാടിയിട്ടില്ലല്ലോ. ശ്രീമതത്തിലൂടെയല്ല നടക്കുന്നതെങ്കിൽ മായയുടെ വലയിൽ കുടുങ്ങിപ്പോകുന്നു. ബാബ അമ്മമാരുടെ കമ്മിറ്റിയുണ്ടാക്കി എല്ലാം അവരെ ഏൽപിച്ചു. പുരുഷന്മാരാണ് സാധാരണ എല്ലാം കളഞ്ഞുകുളിക്കുന്നത്, സ്ത്രീകളല്ല. അതുകൊണ്ട് ബാബയും കലശം മാതാക്കളുടെ മേലെ വയ്ക്കുന്നു.

പക്ഷെ ഈ ജ്ഞാന മാർഗത്തിൽ മാതാക്കളും എല്ലാം നഷ്ടപ്പെടുത്തി പാപ്പരാകാറുണ്ട്. കോടി കോടി ഭാഗ്യശാലികളാകേണ്ടവർ മായയോടു പരാജയപ്പെട്ട് പാപ്പരാകാറുണ്ട്. ഇവിടെ സ്ത്രീയും പുരുഷനും രണ്ടു കൂട്ടരും പാപ്പരാകാൻ സാധ്യതുണ്ട്, പാപ്പരാകുന്നുമുണ്ട്. എത്ര പേരാണ് തോൽവി സമ്മതിച്ചു പോയത് – എല്ലാം കളഞ്ഞുകുളിച്ചില്ലേ. ബാബ പറയുകയാണ്, ഭാരതവാസികളാണ് പൂർണ്ണമായും കളഞ്ഞുകുളിച്ചത്. മായ എത്ര ശക്തിശാലിയാണ്, നമ്മൾ എങ്ങനെ ജീവിച്ചവരാണ്, എവിടെനിന്നാണ് വീണ് അധപതിച്ചു പോയത് എന്നു പോലും മനസ്സിലാകുന്നില്ല. ഇവിടെയും ഉയരത്തിലേക്കു കയറി കയറി വന്ന്, ശ്രീമതം മറന്ന് തന്റെ വഴിക്കു നടക്കുമ്പോൾ പാപ്പരാകുന്നു. പുറത്തുള്ളവർ പാപ്പരായാലും ചിലപ്പോൾ അഞ്ചാറുവർഷത്തിനുശേഷം എഴുന്നേൽക്കുന്നു. ഇവിടെ 84 ജന്മത്തേക്ക് പാപ്പരായിപ്പോകുന്നു. ഉയർന്ന പദവി നേടുവാൻ സാധിക്കില്ല. എത്ര പേരാണ് പാപ്പരായിക്കൊണ്ടിരിക്കുന്നത്. ബാബയുടെ അടുക്കൽ ഫോട്ടോയുണ്ടായിരുന്നെങ്കിൽ പറഞ്ഞുതരാമായിരുന്നു. ബാബ പറയുന്നത് വളരെ ശരിയാണെന്ന് നിങ്ങളും സമ്മതിക്കും. എത്ര വലിയ മഹാരഥിയായിരുന്നു, എത്ര പേരെ ഉയർത്തി–പക്ഷെ ഇന്നില്ല. കളഞ്ഞുകുളിച്ചു. ബാബ വീണ്ടും വീണ്ടും കുട്ടികൾക്ക് മുന്നറിയിപ്പ് തരുന്നു– തനിക്കു തോന്നിയതുപോലെ കമ്മിറ്റികൾ ഉണ്ടാക്കുന്നതിൽ ഒരു കാര്യവുമില്ല. പരസ്പരം കൂടിയിരുന്ന് പരദൂഷണം പറയുക, അവരങ്ങനെയാണ്, ഇവർ ഇങ്ങിനെയാണ്, ........ മുഴുവൻ ദിവസവും ഇതാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ബാബയുമായി ബുദ്ധിയോഗം ഉണ്ടെങ്കിലേ സതോപ്രധാനമാകൂ. ബാബയുടേതായിട്ട് ബാബയുമായി കണക്ഷനില്ലെങ്കിൽ വീണ്ടും വീണ്ടും വീണുകൊണ്ടിരിക്കും. കണക്ഷൻ തന്നെ മുറിഞ്ഞുപോകുന്നു. കണക്ഷൻ വിട്ടുപോയാൽ ,മായ എന്തുകൊണ്ട് എന്നെ ഇത്രയും ശല്യപ്പെടുത്തുന്നു എന്ന് പേടിക്കരുത്. എങ്ങനെയെങ്കിലും ബാബയുമായി കണക്ഷൻ യോജിപ്പിച്ചു വരണം. ഇല്ലെങ്കിലെങ്ങനെ ബാറ്ററി ചാർജ്ജാകും. വികർമ്മം ഉണ്ടാകുമ്പോൾ ബാറ്ററി ഡിസ്ചാർജ്ജാകും. ആരംഭത്തിൽ എത്രപേരാണ് ബാബയുടെ കുട്ടികളായത്. ഭട്ഠിയിൽ വന്നു, പക്ഷെ ഇന്നെവിടെപ്പോയി. വീണുപോയി – കാരണം പഴയ ലോകം ഓർമ്മവന്നു. ഇപ്പോൾ ബാബ പറയുന്നു– ഞാൻ നിങ്ങൾക്ക് പരിധിയില്ലാത്ത വൈരാഗ്യം ഉണർത്തുകയാണ്. ഈ പഴയ ലോകത്തിനോട് ഒരാഗ്രഹവും വയ്ക്കരുത്. ഹൃദയം സ്വർഗത്തിൽ വയ്ക്കണം. ലക്ഷ്മീനാരായണനെപ്പോലെ ആകണമെങ്കിൽ പരിശ്രമിക്കണം. ബുദ്ധിയോഗം ഒരു ബാബയുമായിട്ടായിരിക്കണം. പഴയ ലോകത്തിനോട് വൈരാഗ്യം വരണം. സുഖധാമത്തിനേയും, ശാന്തീധാമത്തിനേയും ഓർമ്മിക്കൂ. സാധിക്കുന്നിടത്തോളം എഴുന്നേൽക്കുമ്പോഴും, ഇരിക്കുമ്പോഴും, നടക്കുമ്പോഴും, കറങ്ങുമ്പോഴും ബാബയെ ഓർമ്മിക്കൂ. വളരെ സഹജമാണിത്. നരനിൽ നിന്നും നാരായണനാവാൻ വേണ്ടിയാണ് നിങ്ങൾ ഇവിടെ വന്നിരിക്കുന്നത്. സർവ്വരോടും പറയണം ഇപ്പോൾ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാകണം കാരണം ഇപ്പോൾ മടക്കയാത്രയാണ്. ലോക ചരിത്രവും ഭൂമിശാസ്ത്രവും ആവർത്തിക്കുക അർത്ഥം നരകത്തിൽ നിന്നും സ്വർഗം, വീണ്ടും സ്വർഗത്തിൽ നിന്നു നരകം. ഈ ചക്രം കറങ്ങിക്കൊണ്ടേയിരിക്കും.

ബാബ പറയുന്നു– ഇവിടെ സ്വദർശന ചക്രധാരിയാകണം. നമ്മൾ എത്ര പ്രാവശ്യം ചക്രം തിരിഞ്ഞതാണെന്ന സ്മൃതിയിൽ ഇരിക്കണം. ഇപ്പോൾ വീണ്ടും നമ്മൾ ദേവതയാകുകയാണ്. ലോകത്തിൽ ആരും ഈ രഹസ്യത്തെ മനസ്സിലാക്കുന്നില്ല. ദേവതകൾക്ക് ഈ ജ്ഞാനമില്ല. അവർ പവിത്രമായവരാണ്. ശംഖൂതുവാൻ അവർക്ക് ജ്ഞാനമേ ഇല്ലല്ലോ. അവർ പവിത്രമായതിനാൽ അവർക്ക് ഈ അടയാളം നൽകേണ്ട ആവശ്യമേയില്ല. രണ്ടു കൂട്ടരും (ദേവതകളും അസുരന്മാരും) ഒരുമിച്ചുള്ള സമയത്താണ് അടയാളങ്ങൾ വേണ്ടിവരുന്നത്. നിങ്ങൾക്കും അടയാളമില്ല. കാരണം നിങ്ങൾ ഇന്ന് ദേവതയായി നാളെ അസുരനായേക്കാം. ബാബ ദേവതയാക്കി മാറ്റുന്നു, മായ അസുരനാക്കി മാറ്റുന്നു. ബാബ മനസ്സിലാക്കിത്തരുമ്പോഴാണ് അറിയുന്നത് സത്യത്തിൽ നമ്മുടെ അവസ്ഥ താഴ്ന്നിരിക്കുകയാണെന്ന്. എത്രയോ പേരാണ് ബാബയുടെ ഖജനാവിൽ നിക്ഷേപിച്ചിട്ട് ( ബാബക്ക് നൽകിയിട്ട് ) തിരികെ ചോദിച്ച് അസുരന്മാരാകുന്നത്. ഇതിൽ യോഗത്തിന്റെ തന്നെയാണ് കുറവ്. യോഗത്തിലൂടെ തന്നെ പവിത്രമാകണം. നിങ്ങൾ ബാബയെ വിളിക്കുന്നുമുണ്ടല്ലോ, ബാബാ വരൂ, ഞങ്ങളെ പതിതത്തിൽ നിന്ന് പാവനമാക്കൂ, അങ്ങിനെ ഞങ്ങൾ സ്വർഗത്തിൽ പോകട്ടെ. ഓർമ്മയുടെ യാത്ര തന്നെ പാവനമായി ഉയർന്ന പദവി നേടുന്നതിനുവേണ്ടിയാണ്. പക്ഷേ ചിലർ മുന്നോട്ടു പോകെ മരിച്ചു പോകുന്നു (ജ്ഞാനം വിട്ടു പോകുന്നു) പിന്നെ കുറച്ചു ജ്ഞാനമെങ്കിലും കേട്ടിട്ടുണ്ടെങ്കിൽ ശിവാലയത്തിൽ തീർച്ചയായും വരും, പദവി എങ്ങിനെയുള്ളതാണെങ്കിലും വരും. ഒരു പ്രാവശ്യം ഓർമ്മിച്ചിട്ടുണ്ടെങ്കിൽ സ്വർഗത്തിൽ തീർച്ചയായും വരും. പക്ഷെ ഉയർന്ന പദവി കിട്ടില്ല എന്നുമാത്രം. സ്വർഗം എന്ന് കേൾക്കുമ്പോഴേ സന്തോഷം വരണം. തോറ്റ് കാൽക്കാശിന്റെ പദവി കിട്ടുന്നതിൽ തൃപ്തരാകരുത്. ഞാൻ വേലക്കാരനായിപ്പോയി എന്ന ഫീലിംഗ് എന്തായാലും വരുമല്ലോ? അന്തിമ സമയത്ത് നിങ്ങൾക്ക് സാക്ഷാത്കാരം ഉണ്ടാകും – എന്തു വികർമ്മം ചെയ്തിട്ടാണ് എന്റെ പദവി ഇങ്ങനെയായിപ്പോയതെന്ന്. എന്തുകൊണ്ട് മഹാറാണിയായിക്കൂടാ? ഓരോ

ചുവടിലും ശ്രദ്ധിച്ചാലേ നിങ്ങൾക്ക് കോടി കോടിപതികളാകുവാൻ കഴിയൂ. ക്ഷേത്രങ്ങളിൽ ദേവതകൾക്ക് താമരയുടെ അടയാളം കാണിച്ചിട്ടുണ്ട്. പദവിയിൽ വ്യത്യാസമുണ്ടാകുമല്ലോ. ഇന്നത്തെ രാജപദവിക്ക് എത്ര ഷോയാണ്. അതും വെറും അൽപകാലത്തേക്കുള്ളത്. സദാകാലത്തേക്ക് രാജവാകുവാൻ ഇവിടെ ആർക്കും സാധിക്കില്ല. ബാബ പറയുന്നു- നിങ്ങൾക്ക് ലക്ഷ്മീ നാരായണൻ ആകണമെങ്കിൽ അതുപോലെ പുരുഷാർത്ഥവും ചെയ്യണം. ഞാൻ എത്ര മറ്റുള്ളവരുടെ നന്മ ചെയ്യുന്നുണ്ട്? എത്ര സമയം ഞാൻ അന്തർമുഖിയായി ബാബയെ ഓർമ്മിക്കുന്നുണ്ട്? ഇപ്പോൾ നമ്മൾ നമ്മുടെ മധുരമായ വീട്ടിലേക്ക് മടങ്ങിപ്പോവുകയാണ്. എന്നിട്ട് സുഖധാമത്തിലേക്ക് വരും. ജ്ഞാനത്തിന്റെ ഈ മഥനം ഉള്ളിൽ നടക്കണം. ബാബയിൽ ജ്ഞാനവും യോഗവും - രണ്ടുമുണ്ട്. നിങ്ങളിലും ഉണ്ടാവണം. നമ്മളെ ശിവബാബയാണ് പഠിപ്പിക്കുന്നതെന്നറിയാമല്ലോ. അപ്പോൾ ജ്ഞാനവുമായി യോഗവുമായി. ജ്ഞാനവും, യോഗവും ഒരുമിച്ചാണുള്ളത്. അല്ലാതെ യോഗത്തിലിരുന്ന് ബാബയെ ഓർമ്മിച്ചപ്പോൾ ജ്ഞാനം മറന്നുപോയി എന്നു വരാൻ പാടില്ല. ബാബ യോഗം പഠിപ്പിക്കുമ്പോൾ ജ്ഞാനം മറക്കാറുണ്ടോ? മുഴുവൻ ജ്ഞാനവും ബാബയിലുണ്ട്. നിങ്ങൾ കുട്ടികളിലും മുഴുവൻ ജ്ഞാനവും ഉണ്ടായിരിക്കണം. പഠിക്കണം. ഞാൻ എന്തു കർമ്മം ചെയ്യുന്നുവോ അതു കണ്ടു മറ്റുള്ളവരും ചെയ്യും. ഞാൻ മുരളി കേട്ടില്ലെങ്കിൽ മറ്റുള്ളവരും കേൾക്കില്ല. മിഥ്യാഹങ്കാരം വന്നാൽ മായ പെട്ടെന്ന് ആക്രമിക്കും. ഒരോ ചുവടും ബാബയുടെ ശ്രീമത്തനുസരിച്ചായിരിക്കണം. ഇല്ലെങ്കിൽ എന്തെങ്കിലും വികർമ്മം ഉണ്ടായിക്കൊണ്ടിരിക്കും. പല കുട്ടികളും തെറ്റു ചെയ്തിട്ട് ബാബയോടു പറയാതിരിക്കുമ്പോൾ തന്റെ തന്നെ നാശം ചെയ്യുകയാണ്. തെറ്റു സംഭവിക്കുമ്പോൾ മായ പ്രഹരിക്കും. ചില്ലിക്കാശിന് വിലയില്ലാത്തവരാക്കി മാറ്റും. പുരുഷന്മാരുടെ ഇങ്ങിനെയുള്ള കമ്മിറ്റികൾ ഉണ്ടാക്കുവാൻ ബാബ ഇതുവരെ പറഞ്ഞിട്ടില്ല. കമ്മിറ്റിയിൽ ഒന്നോ രണ്ടോ വിവേകശാലികളായ പെൺകുട്ടികൾ തീർച്ചയായും വേണം. അവരുടെ നിർദ്ദേശമനുസരിച്ചായിരിക്കണം പ്രവർത്തിക്കേണ്ടത്. ലക്ഷ്മിക്കാണല്ലോ കലശം നൽകിയിരിക്കുന്നത്. അമൃത് കുടിപ്പിച്ചിരുന്നു, എന്നിട്ട് യജ്ഞത്തിൽ വിഘ്നവുമുണ്ടാക്കിയിരുന്നു എന്നും പാടിയിട്ടുണ്ട്. പലതരത്തിലുള്ള വിഘ്നമിടുന്നവരുണ്ട്. ദിവസം മുഴുവനും ആവശ്യമില്ലാത്ത കാര്യങ്ങൾ സംസാരിച്ചു കൊണ്ടിരിക്കും. ഇത് വളരെ മോശമായ കാര്യമാണ്. എന്ത് പ്രശ്നമുണ്ടങ്കിലും ബാബയ്ക്ക് റിപ്പോർട്ട് നൽകണം. പരിവർത്തനപ്പെടുത്തുന്ന ആൾ ഒരു ബാബ തന്നെയാണ്. നിങ്ങൾ നിയമം കൈയ്യിലെടുക്കരുത്. നിങ്ങൾ ബാബയെ ഓർമ്മിക്കൂ. സർവ്വർക്കും ബാബയെ പരിചയപ്പെടുത്തൂ, എങ്കിൽ ഇങ്ങനെയാകാൻ (ലക്ഷ്മീനാരായണൻ) സാധിക്കും. മായ വളരെ കടുത്തതാണ്. ആരേയും വിടില്ല. ബാബക്ക് മുടങ്ങാതെ വാർത്തകൾ എഴുതണം. ബാബയിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിക്കണം. നിർദ്ദേശങ്ങൾ അല്ലെങ്കിലും സദാ കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. കുട്ടികൾ ഇങ്ങനെ കരുതുന്നു, ബാബ സ്വയമേവ തന്നെ ഇക്കാര്യത്തിൽ മനസിലാക്കിത്തന്നതാണ്, ബാബ അന്തർയാമിയാണ് എന്നെല്ലാം. ബാബ പറയുന്നു, അല്ല- ഞാൻ കേവലം ജ്ഞാനം പഠിപ്പിക്കുകയാണ്. ഇതിൽ അന്തർയാമിയുടെ കാര്യമേയില്ല. ശരിയാണ്, എനിക്കറിയാം ഇതെല്ലാം എന്റെ കുട്ടികളാണ്, ഒരോ ശരീരത്തിനുള്ളിലും എന്റെ കുട്ടികളാണിരിക്കുന്നത്. അല്ലാതെ എല്ലാവരുടേയും ഉള്ളിൽ ബാബയിരിക്കുന്നു എന്നല്ല. മനുഷ്യർ തലകീഴായി മനസ്സിലാക്കിയിരിക്കുന്നു. ബാബ പറയുന്നു, എല്ലാ (ഭൃകുടി) സിംഹാസനത്തിലും ആത്മാവാണ് സ്ഥിതി ചെയ്യുന്നത് എന്നെനിക്കറിയാം. ഇതൊക്കെ എത്ര സഹജമായ കാര്യങ്ങളാണ്. എല്ലാ ചൈതന്യ ആത്മാക്കളും അവരവരുടെ സിംഹാസനത്തിൽ ഇരിക്കുന്നു, എന്നിട്ടും പരമാത്മാവ് സർവ്വവ്യാപിയാണെന്ന് പറയുന്നു- ഇതാണ് ഒരേയൊരു തെറ്റ്. ഇക്കാരണത്താലാണ് ഭാരതം ഇത്രയും അധഃപതിച്ചത്. ബാബ പറയുന്നു-നിങ്ങൾ എന്നെ ഒരുപാട് നിന്ദിച്ചു. വിശ്വത്തിന്റെ അധികാരിയാക്കിയ ബാബയെ നിങ്ങൾ നിന്ദിച്ചു. അതുകൊണ്ട് ബാബ പറയുകയാണ്-യദാ യദാഹി..... സർവ്വവ്യാപി എന്നുള്ള ജ്ഞാനം വിദേശികൾ പഠിച്ചത് ഭാരതവാസികളിൽ നിന്നുമാണ്, ഏതുപോലെയാണോ ഭാരതീയരും അവരിൽ നിന്നും പുതിയ പുതിയ വിദ്യകൾ തലകീഴായി പഠിക്കുന്നത്. നിങ്ങൾ ഒരു ബാബയെത്തന്നെ ഓർമ്മിക്കണം, ബാബയുടെ പരിചയം സർവ്വർക്കും കൊടുക്കണം. നിങ്ങളാണ് അന്ധന്മാരുടെ ഊന്നുവടി. വടികൊണ്ട് വഴി പറഞ്ഞു കൊടുക്കാറില്ലേ. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും, പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും, പുലർകാലവന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുളള മുഖ്യമായ സാരം –**

1. ബാബയുടെ ആജ്ഞയനുസരിച്ച് ഓരോ കാര്യവും ചെയ്യണം. ശ്രീമതം ഒരിക്കലും ലംഘിക്കാതിരിക്കുമ്പോഴാണ് ആവശ്യപ്പെടാതെ തന്നെ സർവ്വ മനോകാമനകളും പൂർത്തീകരിക്കപ്പെടുന്നത്. സാക്ഷാത്കാരത്തിന്റെ ആഗ്രഹം പാടില്ല. ഇച്ഛാമാത്രം അവിദ്യ ആകണം.

2. പരസ്പരം കൂടിയിരുന്ന് പരദൂഷണം നടത്തരുത്. അന്തർമുഖിയായിരുന്ന് പരിശോധിക്കണം – ഞാൻ എത്ര സമയം ബാബയെ ഓർമ്മിക്കുന്നുണ്ട്, ഉള്ളിൽ ജ്ഞാനത്തിന്റെ മഥനം നടക്കുന്നുണ്ടോ?

## വരദാനം– സംബന്ധസമ്പർക്കത്തിൽ വരുന്ന ഓരോ ആത്മാക്കൾക്കും ദാനം നൽകുന്ന മഹാദാനി വരദാനിയായി ഭവിക്കട്ടെ.

മുഴുവൻ ദിവസവും ആരെല്ലാമാണോ സംബന്ധസമ്പർക്കത്തിൽ വരുന്നത് അവർക്കെല്ലാം ഏതെങ്കിലും ശക്തിയോ,ജ്ഞാനമോ,ഗുണമോ ദാനമായി നൽകൂ.താങ്കളുടെ പക്കൽ ജ്ഞാനത്തിന്റെയും ,ശക്തികളുടെയും,ഗുണങ്ങളുടെയും ഖജനാവുകൾ ഉണ്ട്.ഒരു ദിവസം പോലും ദാനം നൽകാതെയിരിക്കരുത്.അപ്പോൾ മാത്രമേ താങ്കളെ മഹാദാനി എന്ന് വിളിക്കാനാകൂ.രണ്ടാമതായി,ദാനം എന്ന വാക്കിന്റെ ആത്മീയഅർത്ഥം സഹയോഗം നൽകുക എന്നാണ്.തന്റെ ശ്രേഷ്ഠസ്ഥിതിയുടെ വായുമണ്ഡലത്തിലൂടെയും,തന്റെ മനോഭാവത്തിന്റെ വൈബ്രേഷനുകളിലൂടെയും ഓരോ ആത്മാക്കൾക്കും സഹയോഗം നൽകുമ്പോഴാണ് താങ്കളെ വരദാനി എന്ന് വിളിക്കുക.

## സ്ലോഗൻ – ആരാണോ ബാപ്ദാദയുടെയും,ഈശ്വരീയകുടുംബത്തിന്റെയും സമീപത്തുളളവർ ,അവരുടെ മുഖത്ത് സന്തുഷ്ടത,ആത്മീയത,പ്രസന്നത എന്നിവ നിറഞ്ഞ പുഞ്ചിരിയുണ്ടാകും.